**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ-എളയാവൂർ സോണൽ-എളയാവൂർ വില്ലേജ്- വാർഡ് നമ്പർ 29 ൽ റീ.സ.നമ്പർ 17/116 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് G2 ഇൻഡസ്ട്രിയൽ II, ഗ്രൂപ്പ് എഫ് കൊമേഴ്സ്യൽ എന്നീ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിന് ഭൂപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ശ്രീ. പാറയിൽ കുഞ്ഞിരാമൻ നായർ, രാംനിവാസ്, മണൽ, അലവിൽ കണ്ണൂർ എന്നവർ 28/11/2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

ഉത്തരവ് നമ്പർ TCPKNR/1118/2022-C — തീയതി 16-12-2022

---

കണ്ണൂർ ജില്ലയിൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ എളയാവൂർ സോണൽ എളയാവൂർ വില്ലേജിൽ വാർഡ് നമ്പർ 29 ൽ റീ.സ.നമ്പർ 17/116 ൽ പെട്ട 3663 ച.മീ വിസ്തീർണ്ണം വരുന്ന സ്ഥലത്ത് നിലവിലുള്ള ഗ്രൂപ്പ് ജി2 ഇൻഡസ്ട്രിയൽ II, ഗ്രൂപ്പ് എഫ് കൊമേഴ്സ്യൽ എന്നീ ഗണത്തിൽ പെടുന്ന വിഭാവിത നിർമ്മാണമായ ഷോ റൂം- 208 ച.മീ, നിലവിലുള്ള കെട്ടിടം Ground Floor(കൊമേഴ്സ്യൽ)-401.70 ച.മീ, First Floor(ഇൻഡസ്ട്രിയൽ ജി2-779.21 ച.മീ, First Floor മെസനീൻ ലെവൽ (ഇൻഡസ്ട്രിയൽ ജി2-86.54 ച.മീ , മെസനീൻ ലെവൽ (ഇൻഡസ്ട്രിയൽ ജി2-149.79 ച.മീ എന്നിവ ഉൾപ്പെടെ ആകെ 1625.24 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി ശ്രീ. പാറയിൽ കുഞ്ഞിരാമൻ നായർ, രാംനിവാസ്, മണൽ, അലവിൽ, കണ്ണൂർ എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KMBR 2019 ചട്ടം 3 0 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. ലേഔട്ട്, യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം കെട്ടിട നിർമ്മാണ അനുമതിയല്ല. കെട്ടിട നിർമ്മാണ പെർമിറ്റിനു KMBR 2019 ചട്ടം (5) പ്രകാരം പ്രത്യേകം അപേക്ഷ നൽകി സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
2. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. KMBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും, അളവുകളും, പ്രമാണങ്ങളും, ഉടമസ്ഥാവകാശം ,സ്ഥലത്ത് അപേക്ഷകനുള്ള നിർമ്മാണവകാശം,ഭൂമിയുടെ തരം ,നിർദ്ധിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. പെർമിറ്റ് നൽകുന്നതിന് മുമ്പ് KMBR 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും NOCകൾ ആവശ്യമാണെങ്കിൽ ആയവ ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. KMBR 2019 ചട്ടം(42) ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് അംഗപരിമിതർക്ക് ആവശ്യമായ റാമ്പ്, ടോയിലെറ്റ്, പാർക്കിംഗ് എന്നീ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടം (42)(1)(3) പ്രകാരം റാമ്പ്, 42(4) പ്രകാരം ടോയിലെറ്റ്, 42(5) പ്രകാരം പാർക്കിംഗ്, ചട്ടം 76(3) പ്രകാരം urban forestry സംവിധാനം എന്നിവ പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
6. KMBR 2019 ചട്ടം 76(2) പ്രകാരം മഴവെള്ള സംഭരണ സംവിധാനങ്ങൾ ,ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം എന്നിവ നടപ്പാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
7. KMBR, 2019 ചട്ടം 79 പ്രകാരമുള്ള മാലിന്യ സംസ്കരണനടപടികൾ എന്നിവ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
8. സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിന്റെ കാണിച്ചിട്ടുള്ള ഉപയോഗം, കെട്ടിട നമ്പർ എന്നിവ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും മേൽ കെട്ടിടത്തിന്റെ ഉറസ്സായ സ്ഥലങ്ങൾ ഷീറ്റ് മേൽ കൂര സ്ഥാപിച്ച്

I/79084/2022

ഉപയോഗിക്കുന്നതായി കാണുന്നു . പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30/08/2022 ലെ ആർ.ബി.3/178/2020-തസ്വഭവ, ആർ.ബി വകുപ്പ്, തിരുവനന്തപുരം സർക്കുലർ പ്രകാരം ആയത് അനധികൃതമായി നിർമ്മിച്ചതാണെങ്കിൽ ആയത് പൊളിച്ചുമാറ്റേണ്ടതാണ്.

എൽ. എ നമ്പർ 71/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം
കണ്ണൂർ - 670 002
തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

പകർപ്പ്

1) ശ്രീ.പാറയിൽ കുഞ്ഞിരാമൻ നായർ, രാംനിവാസ്, മണൽ, അലവിൽ, കണ്ണൂർ

2) ഫയൽ 3) കരുതൽ ഫയൽ

DESPATCHED
Date 17/12/2022